## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 283** — **08.06.2015-ൽ മറുപടിയ്ക്ക്**

### ഇ-ഓക്ഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) വനം വകുപ്പിലെ ഇ-ഓക്ഷൻ സംവിധാനം മൂലം തടി ലേലത്തിലും വരുമാനത്തിലും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; | (എ) വനം വകുപ്പിലെ തടി വില്പന ഇ-ഓക്ഷൻ സംവിധാനം വഴി ആയതിനാൽ ശരാശരി 17.5% വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഡിപ്പോകൾ മുഖേന പ്രസ്തുത ലേലം നടന്നു വരുന്നുണ്ട്; എല്ലാ ഡിപ്പോകളിലും ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) 'ടിമ്പർ സെയിൽസ് ഡിവിഷനു കീഴിലുള്ള തൂയം, കടയ്ക്കാമൺ, പത്തനാപുരം, കോന്നി, വീയപുരം, അരീക്കക്കാവ്, കോതമംഗലം, തലക്കോട്, വെട്ടിക്കാട്, പാറാമ്പുഴ, ചാലക്കുടി, വിട്ടൂർ, മുടിക്കൽ, ചെട്ടിക്കുളം, വാരാപ്പുഴ, സെൻട്രൽ ഡിപ്പോ, അരുവാക്കോട്, നെടുങ്കയം, വാളയാർ, ചാലിയം, കുപ്പാടി, മഞ്ചയ്ക്കൽ, പരപ്പ, കണ്ണോത്ത്, ബാവേലി എന്നീ ഡിപ്പോകളിലും ടെറിട്ടോറിയൽ ഡിവിഷനു കീഴിലുള്ള ഡംമ്പിംഗ് ഡിപ്പോകളിലും ഇ-ലേലം നടന്നു വരുന്നുണ്ട്. കൂടാതെ മറയൂർ ഡിവിഷനു കീഴിലുള്ള മറയൂർ സാൻഡൽ ഡിപ്പോകളിലും ഇ- ഓക്ഷൻ നടന്നു വരുന്നുണ്ട്. |
| (സി) പ്രസ്തുത സംവിധാനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർ | (സി) പ്രസ്തുത സംവിധാനത്തിനെതിരെ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ താഴെപ്പറയുന്നു. |

ന്നു വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ:

(i) ഇ-ലേലം റെയിഞ്ചുകളിൽ നടപ്പിലാക്കിയാൽ കാലാവസ്ഥ പ്രശ്നവും കയറ്റുകൂലി തർക്കവും കാരണം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യാൻ സാധിക്കുകയില്ല.

(ii) ഇ-ലേലം കൊണ്ടുള്ള ലാഭം വൻകിട കുത്തക മുതലാളിമാർക്കു മാത്രം.കുറഞ്ഞ ക്ലാസുകളുടെ വിലയ്ക്ക് ഉയർന്ന നിലവാരമുള്ള തടികൾ ഇ-ലേ ലം മുഖേന വിൽക്കുന്നു.

(iii) വൻതുക കമ്മീഷൻ നൽകി MSTC എന്ന കമ്പനിയെ വനംവകുപ്പ് ഇടനില ക്കാരാക്കിയിരിക്കുന്നു.

(iv) വനംവകുപ്പിന്റെ തടിയും മറ്റു വിഭവങ്ങളും ലേലത്തിലെടുത്തു വന്നിരുന്ന ചെറുകിട കച്ചവടക്കാരെ ഈ രംഗത്തു നിന്നും പിന്തള്ളി.

മേൽ ആക്ഷേപങ്ങളെല്ലാം അടിസ്ഥാന രഹിതമാണ്.

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിയ്ക്കു ന്നതിനും നിലനിർത്തു ന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ?

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.